മലയാള മനോരമ
ESTABLISHED 1888
18 January 2018

# കടലിൽ പോകുന്നവരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തണം

കൊച്ചി • കടലിൽ മൽസ്യബന്ധനത്തിനായി പോകുന്നവരുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്താൻ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തണമെന്ന് ആവശ്യം. കേന്ദ്ര സമുദ്ര മൽസ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന സഫാരി സമ്മേളനത്തോടനുബന്ധിച്ചു നടന്ന മൽസ്യത്തൊഴിലാളികളുടെയും ശാസ്ത്രജ്ഞരുടെയും ചർച്ചയിലാണു നിർദേശമുണ്ടായത്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണു മന്ത്രി മേഴ്സിക്കുട്ടിയമ്മ കൂടി പങ്കെടുത്ത ചർച്ച നടന്നത്. ടോക്കൺ സമ്പ്രദായത്തിലൂടെ കടലിൽ പോകുന്നവരുടെ കൃത്യമായ കണക്കു ലഭിക്കും. ദുരന്തനിവാരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാനും ഇതുവഴി സാധിക്കുമെന്ന് അഭിപ്രായമുയർന്നു.

കാലാവസ്ഥാ മുന്നറിയിപ്പുകൾ മൽസ്യത്തൊഴിലാളികൾക്കു യഥാസമയം എത്തിക്കുന്നതിന് ആശയവിനിമയ സംവിധാനം ഏകോപിപ്പിക്കണം. ഇതിനായി തൊഴിലാളി സംഘടനകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഒരുമിച്ചു പ്രവർത്തിക്കണം. മൽസ്യബന്ധനത്തിനായി പോകുന്ന ബോട്ടുകൾ 10 ദിവസത്തിലധികം കടലിൽ തങ്ങാൻ അനുവദിക്കരുതെന്നു മൽസ്യത്തൊഴിലാളികൾ ആവശ്യപ്പെട്ടു. രക്ഷാപ്രവർത്തനങ്ങൾക്കു സംസ്ഥാന സർക്കാരിനു സ്വന്തമായി ബോട്ടുകളും സംവിധാനങ്ങളും വേണം. സാങ്കേതികവിദ്യകളിൽ മൽസ്യത്തൊഴിലാളികൾക്കു പരിശീലനം നൽകണം. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നൂറോളം മൽസ്യത്തൊഴിലാളികൾ ചർച്ചയിൽ പങ്കെടുത്തു. സിഎംഎഫ്ആർഐ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലീം മോഡറേറ്ററായിരുന്നു.




സിഎംഎഫ്ആർഐ രാജ്യാന്തര സഫാരി സമ്മേളനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച പ്രദർശനം കാണുന്ന മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ.

പ്രധാന നിർദേശങ്ങൾ:

- മുന്നറിയിപ്പുകൾ മലയാളത്തിൽ നൽകണം.
- ആഴക്കടലിൽ പോകുന്നവർക്കും ഇവ ലഭ്യമാക്കണം.
- ദുരന്തങ്ങൾ നേരിടുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം.
- തീരദേശ സംരക്ഷണ സേനയിൽ മൽസ്യത്തൊഴിലാളികളെ പങ്കാളികളാക്കണം.
- മൽസ്യബന്ധന യാനങ്ങളിൽ സുരക്ഷാസംവിധാനങ്ങൾ ഉറപ്പാക്കണം.
- മൽസ്യബന്ധന യാന നിരീക്ഷണ സംവിധാനം ബോട്ടുകളിൽ ഘടിപ്പിക്കണം.
- തൊഴിലാളികളുടെ പരമ്പരാഗത അറിവും ആധുനിക സാങ്കേതികജ്ഞാനവും സംയോജിപ്പിക്കണം.

## രാജ്യാന്തര സഫാരി സമ്മേളനം സമാപിച്ചു

• മൽസ്യ മേഖലയിൽ ഉപഗ്രഹ സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ കേന്ദ്ര സമുദ്രമൽസ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച രാജ്യാന്തര സഫാരി സമ്മേളനം സമാപിച്ചു.

മൽസ്യ ബന്ധനം, മൽസ്യ കൃഷി, കാലാവസ്ഥാ വ്യതിയാനം, സമുദ്ര പരിസ്ഥിതി, ഫിഷറീസ് മാനേജ്മെന്റ്, മൽസ്യ മേഖലയിലെ സാമൂഹിക-സാമ്പത്തിക വിവരസമാഹാരം തുടങ്ങി വിവിധ വിഷയങ്ങളിൽ 63 പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

സമാപന സമ്മേളനത്തിൽ ഡോ. എ.ജി.പൊന്നയ്യ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ, യുകെയിലെ ഭൗമനിരീക്ഷണ വിഭാഗം ശാസ്ത്രജ്ഞ ഡോ. മാരി ഫാനിറാക്കോ, തീരദേശ മൽസ്യ കൃഷി അതോറിറ്റി മെംബർ സെക്രട്ടറി ഡോ. സി. ഗോപാൽ, ഡോ. ജി. മഹേശ്വരുഡു, ഡോ. ടി.വി. സത്യാനന്ദൻ, ഡോ. ഗ്രിൻസൻ ജോർജ് എന്നിവർ പ്രസംഗിച്ചു.